പി.എച്ച്.സി.ചെതലയം	50,000
പി.എച്ച്.സി. ന്യൽപ്പുഴ	15,000
താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ബത്തേരി	60,000
ജില്ലാ ആശുപത്രി	20,000
ആകെ തുക	4,95,000

മേൽ തുക സ്ഥാപനങ്ങളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി വിനിയോഗിച്ച് വരുന്നു.

(സി) വിശദ വിവരം അനുബന്ധം II- ൽ കാണാവുന്നതാണ്.*

(ഡി) ക്ലിനിക്കൽ ലാബുകൾ ഇല്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ പോസ്റ്റ്മോർട്ടവും മോർച്ചറികളുടെ ആധുനികവൽക്കരണവും

98 (763) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ഒരു മാസം ശരാശരി എത്ര പോസ്റ്റ് മോർട്ടങ്ങൾ നടക്കാറുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനാവശ്യമായ ഫോറൻസിക് സർജൻമാരും മറ്റു ജീവനക്കാരും നിലവിലുണ്ടോ ; വിശദമാക്കുമോ ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഫോറൻസിക് വിഭാഗങ്ങളിൽ ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ ഏതു വർഷത്തേതാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) കാലാനുസൃതമായി ഇവ പരിഷ്കരിക്കുന്നതിനും പോസ്റ്റ്മോർട്ടം നടപടികൾ വേഗത്തിലാക്കുന്നതിനും മോർച്ചറികൾ ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ ഒരു മാസം ശരാശരി 773 പോസ്റ്റ്മോർട്ടങ്ങൾ നടക്കാറുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനറൽ ആശുപത്രി ആലുവ, മൂവാറ്റുപുഴ, തൃശ്ശൂർ, ജില്ലാ ആശുപത്രി പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലാണ് നിലവിൽ ഫോറൻസിക് സർജൻമാർ ഉള്ളത്. മറ്റുള്ള സ്ഥാപനങ്ങളിൽ ഡ്യൂട്ടിയിൽ ഉള്ള ഡോക്ടർ, അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ എന്നിവരാണ് പോസ്റ്റ്മോർട്ടം നടത്തുന്നത്.

(സി) ഓരോ സർക്കാർ മെഡിക്കൽ കോളേജിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. ആയതിന് കാലാകാലങ്ങളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മാറ്റം വരുത്താറുമുണ്ട്.

(ഡി) ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുവാനുള്ള സൗകര്യങ്ങൾ പൂർത്തിയാകുന്നതോടൊപ്പംതന്നെ ഈ വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണവും മോർച്ചറികളുടെ ആധുനികവൽക്കരണവും നടപ്പാകുന്നതാണ്.

സർക്കാർ ആശുപത്രികളിൽ സൗജന്യ ലബോറട്ടറി പദ്ധതി-പതാകനൗക (ഫ്ലാഗ്ഷിപ്പ്)

99 (764) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ പതാകനൗക (ഫ്ളാഗ്ഷിപ്പ്) പദ്ധതിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിരുന്ന സ്കാനിംഗ് ഉൾപ്പെടെയുള്ള സൗജന്യ ലബോറട്ടറി പരിശോധനാസംവിധാനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) ഈ പദ്ധതിയുടെ വിശദമായ രൂപരേഖ നൽകുമോ ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) 2007-08-ലാണ് ആരോഗ്യത്തിനുള്ള ഫ്ലാഗ്ഷിപ്പ് പദ്ധതി ആരംഭിച്ചത്. ഈ ആരോഗ്യപദ്ധതിയിലൂടെ ആരോഗ്യസുരക്ഷയുടെ നേട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly